# മാധ്യമലോകത്തെ പവന വഴികൾ

ജയൻ

യുക്തിവാദിയെന്ന നിലയിൽ മലയാള മനസിൽ ചിരസ്ഥാനീയനായ പവനന്റെ പത്രപ്രവർത്തനലോകവും അതോടൊപ്പം മാധ്യമ-രാഷ്ട്രീയ ചരിത്രവും അടങ്ങുന്നതാണ് സജി മുളന്തുരുത്തി എഡിററ് ചെയ്ത് കേരളസാഹിത്യ അക്കാദമി പുറത്തിറക്കിയ 'പത്രം ചരിത്രം പവനൻ' എന്ന പുസ്തകം. 57 ലെ വിദ്യാഭ്യാസ ബില്ല് ഉയർത്തിവിട്ട പ്രശ്നങ്ങൾ സംബ്ധിച്ച ലേഖനവും ഇതിലുണ്ട്. വിദ്യാഭ്യാസ പരിഷ്ക്കരണം ഇന്നും കേരളത്തിൽ സജീവ ചർച്ചയാകുന്നതിനാൽ തന്നെ പുസ്തകത്തിന് കാലിക പ്രസക്തിയും ഏറെയുണ്ട്.

ജീവിത വഴിയിൽ വരുമാന മാർഗ്ഗമായും രാഷ്ട്രീയ ഇടപെടലിന്റെ ഭാഗമായും മുഴുനീള മാധ്യമപ്രവർത്തനം നടത്തിയ പവനന്റെ വിവിധങ്ങളായ ഓർമ്മകൾ ഒരേ സമയം മലയാള പത്രപ്രവർത്തനത്തിന്റെ ചരിത്രം കൂടിയായി മാറുന്നുണ്ട്. ഇതിലെ 16 ഓളം ലേഖനങ്ങളും രണ്ട് റിപ്പോർട്ടുകളുമാണ് ഇതിലുള്ളത്. വീരസമാർന്ന കഥകൾക്ക് പുറമെ പഴയ കാല പത്രപ്രവർത്തകർ അനുഭവിച്ച ദുരിതവും വരച്ചിടുന്നുണ്ട്.

നവോത്ഥാന പ്രസ്ഥാനത്തിനും ദേശീയ സ്വാതന്ത്ര്യ സമരത്തിനും നേതൃത്വം നൽകിയ പത്രങ്ങൾ, പത്രപ്രവർത്തകർ എന്നിവരെ വിശദമായി പരിചയപ്പെടുത്തുന്നതാണ് പുസ്തകത്തിലെ ആദ്യഘട്ടം. കേസരി ബാലകൃഷ്ണപ്പിള്ള, സ്വദേശാഭിമാനി രാമകൃഷ്ണപ്പിള്ള എന്നീ സമുന്നത മാധ്യമപ്രവർത്തകരുടെ ജീവിതവും ഇതിലുണ്ട്. ആദ്യപത്രമായ നസ്രാണിദീപിക മുതൽ എണ്ണപ്പെട്ട പത്രങ്ങളുടെ ഉദയവും മരണവുമെല്ലാം മലയാള പത്രങ്ങൾ 19-ാം നൂററാണ്ടിൽ എന്ന ലേഖനത്തിലുണ്ട്. പൗരശക്തിയിൽ പ്രവർത്തിക്കവെ



പത്രം ചരിത്രം പവനൻ
പത്രപ്രവർത്തനസ്മരണകളും ലേഖനങ്ങളും
എഡിറ്റർ : സജി മുളന്തുരുത്തി
പേജ് : 167. വില : 100 രൂപ
പ്രസാധകർ : കേരള സാഹിത്യ അക്കാദമി, തൃശൂർ - 20

മാതൃഭൂമി, ദേശാഭിമാനി എന്നീ പത്രങ്ങളുമായി അടുത്തതു മുതൽ നവയുഗം വരെയുള്ള വിവിധങ്ങളായ പത്രങ്ങളിലെ പ്രവർത്തിച്ച അനുഭവങ്ങളുടെ സമാഹാരം, എൻ. വി.കൃഷ്ണവാരിയറുമായുള്ള നീണ്ട കാലത്തെ അടുപ്പം, പവനൻ എന്ന പേര് രൂപം കൊള്ളാനിടിയായ കഥ എന്നിങ്ങനെ പലതും വായനയ്ക്ക് പ്രാപ്തമാണ്.

ഇതിനെല്ലാം പുറമെ പത്രവിൽപ്പനക്കാരടക്കമുള്ള സാധാരണക്കാരെ അനുസ്മിരുക്കുന്നുണ്ട്. കോഴിക്കോട് റയിൽവെസ്റേഷനിൽ കാക്കി ട്രൗസറുമിട്ട് സ്ഥിരമായി പത്രം വിററിരുന്ന രാഘവ മാരാറാണ് അതിലൊന്ന്. അദ്ദേഹത്തിന്റെ മകനാണ് ഇന്നത്തെ പ്രമുഖ പ്രസാധകരായ പൂർണ്ണ പബ്ളിക്കേഷൻ നടത്തുന്ന ബാലകൃഷ്ണൻ എന്നും എഴുതുമ്പോൾ ഇന്നത്തെ പല പ്രമുഖരുടെ ജീവിത വളർച്ചയുടെ ഇല്ലായ്മയുടെ കഥകൾ ഓർമ്മപ്പെടുത്തുന്നു. പത്രമേഖലയിലെ സാധാരണക്കാരായ തൊഴിലാലികളുമായും പവനനുണ്ടായിരുന്ന ആത്മബന്ധവും സൂചിപ്പിക്കുന്നതാണിത്.

57 ലെ വിദ്യാഭ്യാസബില്ലിനെതിരെ ഉയർന്ന വിമോചനസമര കഥയും മററും 'കേരളം പിറകോട്ട് പോകുന്നു' എന്ന അധ്യായത്തിൽ വിവരിക്കുന്നുണ്ട്. മദ്രാസിലെ പത്രപ്രവർത്തനം, പാർട്ടി പിളർപ്പിനുശേഷം ദേശാഭിമാനിയിൽ നിന്നുള്ള ഇറക്കം, നവയുഗത്തിലെത്തിപ്പെട്ടത്, ഇവ രേഖപ്പെടുത്തുമ്പോൾ കേരളത്തിലെ കമ്യൂണിസ്ററ്പാർട്ടികളുടെ വളർച്ച സംബന്ധിച്ച ചരിത്രം കൂടിയാകുന്നു പവനന്റെ ജീവിതം. ഇന്നത്തെ പ്രമുഖ കവി എ. അയ്യപ്പൻ അന്ന് നവയുഗത്തിൽ പ്രൂഫ് റീഡറായി വന്നതും കവിയാണെന്ന് തിരിച്ചറിഞ്ഞതും രസമുള്ള ഓർമയായി വിവരിക്കുന്നുണ്ട്. ജീവിത കാലയളവിനുള്ളിൽ പരിചയപ്പെട്ട മികച്ച പത്രപ്രവർത്തകരെയും പത്രപ്രവർത്തക യൂണിയനെക്കുറിച്ചുമൊക്കെ പ്രതിപാദിക്കുന്നത് ആധുനിക കാലത്തിനിപ്പുറത്തെ മലയാള പത്രപവർത്തനത്തിന്റെ നാളൾവഴികൾ തന്നെയാണ്.

ധൈഷണികവും പ്രത്യയശാസ്തവ്രും മൂല്യബോധവും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഇക്കാലത്ത് അതെല്ലാം ഏറെക്കുറെ ശക്തമായി പാലിക്കാൻ ശ്രമിച്ച ഒരു പത്രപ്രവർത്തന കാലത്തിന്റെ ചരിത്രം കൂടിയാണ് പവനന്റെ പത്രപ്രവർത്തക സ്മരണകൾ ഓർമ്മിപ്പികുന്നത്. അതിനാൽ പുതിയ പത്രപ്രവർത്തക വിദ്യാർഥികൾക്ക് ഒരു മുതൽകൂട്ടു കൂടിയാകുന്നു ഈ പുസ്തകം.